‘നിനക്കു കവിതയെഴുതിക്കൂടേ’ എന്ന അമ്മയുടെ ചോദ്യമാണ് ആ യു പി സ്കൂൾകാരിയെ ഭാവനയുടെ ലോകത്തേക്ക് പിച്ചവച്ചു നടത്തിച്ചത്. വെറുമൊരു ചോദ്യത്തിനപ്പുറം, അതൊരു പ്രോൽസാഹനമായിരുന്നു. ഉള്ളിലുള്ള കഴിവിനെ ഉണർത്തിയ ആഹ്വാനമായിരുന്നു. അതിലെല്ലാമുപരി, സ്വപ്നങ്ങൾക്കു നിറം പകരാനും വിഷാദത്തിനു വിരാമമിടാനും മനസിനു കരുത്തേകിയ മായാജാലം തന്നെയായിരുന്നു.

അമ്മയുടെ ചോദ്യത്തെ തുടർന്ന് കവിതയെഴുതാൻ തുടങ്ങിയ ആ യു പി സ്കൂൾകാരിയെ നമുക്ക് ഈ ദളത്തിൽ പരിചയപ്പെടാം.

നീതു പാർവതി പി ജി
ഫെഡറൽ ബാങ്ക്
നെമ്മാറ ശാഖ

അധ്യാപികയായിരുന്ന പ്രേമയുടേയും ഉദ്യോഗസ്ഥനായിരുന്ന ഗോപിനാഥന്റേയും മകളായി പാലക്കാട് ജില്ലയിലെ ഒറ്റപ്പാലത്താണ് നീതു ജനിച്ചത്.

എൽ എസ് എൻ ഗേൾസ് സ്കൂളിലായിരുന്നു വിദ്യാഭ്യാസം. പ്രൈമറി സ്കൂൾ കാലത്ത് പാഠ്യേതര വിഷയങ്ങളിൽ പ്രത്യേകിച്ച് താൽപര്യമൊന്നും ഉണ്ടായിരുന്നതായി നീതു ഓർക്കുന്നില്ല. അഞ്ചാം ക്ലാസിൽ പഠിക്കുമ്പോഴാണ് ഒരു ദിവസം യാദൃച്ഛികമായി ‘നിനക്ക് കവിതയെഴുതിക്കൂടേ’ എന്ന് അധ്യാപികയായ അമ്മ ചോദിക്കുന്നത്. എങ്കിൽപ്പിന്നെ എന്തെങ്കിലും കുത്തിക്കുറിച്ചാലോ എന്ന് തീരുമാനിച്ചു. അങ്ങനെ മലയാളത്തിൽ ഒരു കവിതയെഴുതി. അമ്മയ്ക്കു മാത്രമല്ല സ്കൂളിലെ മറ്റ് അധ്യാപകർക്കും ആ കവിത ഇഷ്ടപ്പെട്ടു.

തുടർന്ന് ഒന്നിനു പിറകെ ഒന്നായി കവിതകളെഴുതാൻ തുടങ്ങി. അതിനൊപ്പം വായനയും ഉണ്ടായിരുന്നു. അച്ഛനും അമ്മയും നന്നായി പുസ്തകങ്ങൾ വായിക്കുന്നവരായിരുന്നു. വീട്ടിലാവട്ടെ അനവധി പുസ്തകങ്ങളും ഉണ്ടായിരുന്നു. നന്നായി വായിക്കാൻ കഴിഞ്ഞു എന്നതു കൊണ്ടുതന്നെ നന്നായി എഴുതാനും സാധിച്ചു.

ഫലമോ? ഹൈസ്കൂൾ ക്ലാസിലാവുമ്പോഴേയ്ക്കും ബാലരമയിലെ കവിതാപൂരണ മത്സരങ്ങളിൽ സമ്മാനം ലഭിക്കാൻ തുടങ്ങി. സ്കൂളിലെ മത്സരങ്ങളിൽ വിജയിയാവുന്നതു കൂടാതെ സബ്ജില്ലാ- ജില്ലാതല മത്സരങ്ങളിലും നീതു സമ്മാനം നേടി.

മാതൃഭൂമി ബാലപംക്തിയിൽ കവിത പ്രസിദ്ധീകരിച്ചതാണ് അക്കാലത്ത് ഏറ്റവുമധികം അഭിമാനമേകിയ സംഭവം. പ്രതിഫലമായി ഇരുനൂറ്റമ്പതു രൂപ ലഭിക്കുകയും ചെയ്തു. അന്ന് അതൊരു വലിയ തുകയായിരുന്നു.

സ്കൂൾ പഠനകാലത്ത് ഗൗരവത്തോടെ മുന്നോട്ടുപോയ കവിതയെഴുത്ത് പ്ലസ്ടു-ബിടെക് പഠനകാലത്ത് പിൻസീറ്റിലേക്കു മാറി. എഴുത്തിലെ താൽപര്യം

കുറഞ്ഞതുകൊണ്ടല്ല മറിച്ച്, കലാലയത്തിലെ പഠനാന്തരീക്ഷം കവിതയ്ക്കു യോജിച്ചതല്ലായിരുന്നു എന്ന് നീതു ഓർത്തെടുക്കുന്നു.

ബിടെക് പഠനകാലത്താണ് നീതുവിന്റേയും കുടുംബത്തിന്റേയും ജീവിതകാവ്യത്തിൽ കാലം എന്ന പത്രാധിപർ വെട്ടിത്തിരുത്തലുകൾ വരുത്തുന്നത്. സ്വച്ഛമായി പൊയ്ക്കൊണ്ടിരുന്ന ആ കുടുംബത്തിലേയ്ക്ക് ഒരു വാഹനാപകടത്തിന്റെ രൂപത്തിൽ വിഷാദം കടന്നുചെന്നു. അമ്മയെ നഷ്ടപ്പെടുന്നത് നീതുവിന് താങ്ങാവുന്നതിനും അപ്പുറമായിരുന്നു. വളരെ പ്രയാസപ്പെട്ടാണ് വേർപാടിന്റെ വേദന അന്ന് അതിജീവിച്ചത്.

ജ്യോതി എഞ്ചിനീയറിംഗ് കോളേജിൽ നിന്ന് ബി ടെക് ബിരുദം നേടിയതിനു ശേഷം കുറച്ചുനാൾ കെ എസ് ഇ ബിയിലും തുടർന്ന് ഐ ടി ഐയിൽ അധ്യാപികയായും നീതു ജോലി നോക്കി. അക്കാലയളവിലൊന്നും കവിതയെഴുതാനോ പുസ്തകങ്ങൾ വായിക്കാനോ ഉള്ള മാനസികാവസ്ഥ തനിക്കില്ലായിരുന്നുവെന്ന് നീതു ഓർക്കുന്നു.

2012 ൽ ഐബിപിഎസ് പാസായതിനെ തുടർന്ന് നീതുവിന് ഫെഡറൽ ബാങ്കിൽ ജോലി ലഭിക്കുന്നു. ബാങ്കിന്റെ ആലുവ ശാഖയിലായിരുന്നു ആദ്യ നിയമനം. പിന്നീട് പത്തനംതിട്ട ജില്ലയിലെ പുല്ലാട്, പാലക്കാട് ജില്ലയിലെ കുളപ്പുള്ളി, വടക്കഞ്ചേരി എന്നീ ശാഖകളിൽ സേവനമനുഷ്ഠിച്ചു. ഉദ്യോഗക്കയറ്റം ലഭിച്ചതിനെ തുടർന്ന് 2024 മുതൽ പാലക്കാട് ജില്ലയിലെ നെമ്മാറ ശാഖയിലാണ് നീതു.

എല്ലാം അതിജീവിക്കാൻ പഠിപ്പിച്ചു കൂടെ നിന്ന അച്ഛന്റെ വേർപാട് പിൽക്കാലത്തു സംഭവിച്ചപ്പോൾ ആ വിയോഗം ഇപ്പോഴും ഉൾക്കൊള്ളാൻ പറ്റാത്ത ഒന്നായിരുന്നു.

2018-19 ഓടെ ടാലന്റഡ് ബാങ്കേർസിൽ അംഗമായതാണ് കവിതയെഴുത്തു തുടരാൻ തനിക്കു പ്രചോദനമായതെന്ന് നീതു സാക്ഷ്യപ്പെടുത്തുന്നു. ഒറ്റവരിക്കവിതയെഴുതുക പോലത്തെ ചെറു ‘ടാസ്കു’കളിൽ പങ്കെടുക്കുക വഴി പേനയ്ക്കുള്ളിൽ വീർപ്പുമുട്ടിക്കിടന്ന കാവ്യലോകം വീണ്ടും സജീവമായി. 'മൂവരി' മത്സരത്തിൽ ഒന്നാം സമ്മാനം നേടിയതോടെ ആത്മവിശ്വാസമായി. തുടർന്ന് ബാങ്കിന്റെ ഹൗസ് മാഗസിനിലും മറ്റും നീതുവിന്റെ കവിതകൾ ശ്രദ്ധിക്കപ്പെടാൻ തുടങ്ങി.

ടാലന്റഡ് ബാങ്കേർസിൽ ചേർന്നതിലൂടെ കവിതയെഴുത്തു തിരികെ പിടിക്കാൻ കഴിഞ്ഞു എന്നു മാത്രമല്ല, അതുവരെ പരിചയമില്ലായിരുന്ന ട്രോൾ മേഖല പരിചയപ്പെടാനും സാധിച്ചു. ചോദിച്ചും കേട്ടുമെല്ലാമാണ് നീതു ട്രോൾ ഉണ്ടാക്കാൻ പഠിച്ചത്. ബാങ്ക് ട്രോൾ ഗ്രൂപ്പിൽ ട്രോളുകൾ സംഭാവന ചെയ്യുന്ന, സജീവ സാന്നിധ്യമായ അപൂർവം വനിതകളിൽ ഒരാളാണെന്ന സവിശേഷതയ്ക്ക് ഉടമയാണ് ഇന്ന് നീതു.

2024 ൽ ടാലന്റഡ് ബാങ്കേർസ് നടത്തിയ കവിതാ മത്സരത്തിൽ പങ്കെടുത്തത് വീണ്ടുമൊരു വഴിത്തിരിവായി.

മലയാളകവിതാ രചനയിൽ ഒന്നാം സമ്മാനം തന്നെയാണ് നീതുവിനു ലഭിച്ചത്. കൂടുതൽ ഗൗരവത്തോടെ കവിതയെ സമീപിക്കാൻ അതൊരു പ്രചോദനമായി.

പഠനം ഇംഗ്ലീഷ് മീഡിയത്തിൽ ആയിരുന്നിട്ടും മാതൃഭാഷയായ മലയാളത്തിൽ കവിത എഴുതാനുള്ള നീതുവിന്റെ കഴിവിനു നിദർശനമാണ് ടാലന്റഡ് ബാങ്കേർസ് നടത്തിയ കവിതാ മത്സരത്തിലെ ഒന്നാം സമ്മാനം.

2012 ലാണ് നീതു വിവാഹിതയാവുന്നത്. വിനോദ് വി ആണ് ജീവിതപങ്കാളി. പത്തുവയസുകാരൻ നിവിൻ വിനോദ്, എട്ടുമാസം മാത്രമുള്ള നില വിനോദ് എന്നിവരാണ് നീതു- വിനോദ് ദമ്പതികളുടെ കാവ്യവല്ലരിയിലെ പൂക്കൾ.

ആനുകാലികങ്ങളിലും മറ്റും എഴുതി, കവിതാസമാഹാരവും മറ്റും പ്രസിദ്ധീകരിച്ച്, എഴുതാനാഗ്രഹിക്കുന്ന എല്ലാ ബാങ്കുദ്യോഗസ്ഥർക്കും പ്രചോദനമായി വളരാൻ നീതു പാർവതിയ്ക്കു സാധിക്കട്ടെ എന്ന് ആശംസിക്കുന്നു.

------------------------------------------------------------------------------------------------

തയ്യാറാക്കിയത് : അമിത് കുമാർ, ഫെഡറൽ ബാങ്ക്, ഹെഡ്ഓഫീസ്, ആലുവ

English version: Arya Gayathry, State Bank of India, RBO Pathanamthitta

അവതരണം : സ്വപ്നരാജ് (Swapna Raj), സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, RBO തിരുവല്ല

------------------------------------------------------------------------------------------------

The question "Why don't you write poetry?" asked by her mother, led that young U P school girl to step into the vast world of imagination. It was not just a question – it was an encouragement, a call to awaken the talent within her. It was a wave of a magic wand that filled her dreams with color, brought an end to sorrow, and strengthened her soul.

Let us get to know more about that young girl who listened to her mother and started writing poetry.

Neethu Parvathy P.G.
Federal Bank
Nemmara Branch

Neethu was born in Ottappalam, Palakkad, as the daughter of Prema, a teacher, and Gopinathan, an official.

She was educated at L.S.N. Girls School. Neethu doesn't recall having any special interest in extracurricular subjects during her primary school days. It was in the fifth grade that one day, out of the blue, her mother asked her, "Why don't you write poetry?" Inspired, she decided to try her hand at writing a poem in Malayalam. Not only did her mother like it, but it was also appreciated by other teachers at school as well.

So inspired was she that she began writing poems regularly. She also developed a love for reading. Both her father and mother were avid readers, and there were many books at home. With a passion for reading, she found that she could write well too.

The result? By the time she reached high school, she started winning prizes for children's poetry competitions held by the magazine 'Balarama'. Besides winning in various school competitions, Neethu also won prizes at the sub-district and district level Youth Festivals.

The publication of her poem in Mathrubhumi Balapankthi remains one of the proudest moments of her life. As a reward, she received Rupees Two Hundred and Fifty, a huge amount at the time.

During her school years, writing poetry was a serious pursuit for Neethu, but during her Plus Two and B.Tech years, it took a back seat as she focused on her studies. It wasn't due to a lack of interest in writing, but rather because the academic environment in the college wasn't conducive to writing poetry, Neethu reflects.

It was during her B.Tech years that Neethu's family experienced a sudden turn of events in their life story. The joy that had once surrounded her family was shattered when a tragic accident struck, taking her mother. Losing her mother was something Neethu found difficult to come to terms with… it took immense resolve to survive the pain of separation.

After graduating with a B.Tech degree from Jyothi Engineering College, Neethu worked for a short time at KSEB and later as a teacher at an ITI. However, during this time, she didn't have the mental space or strength to write poetry or read books, Neethu remembers.

In 2012, after passing the IBPS exam, Neethu joined Federal Bank. She was initially posted at their Aluva branch. Later, she served in various branches like Pullad in Pathanamthitta, Kulappully in Palakkad, and Vadakkanchery. In 2024, she was transferred to the Nemmara branch in Palakkad on getting promotion, where she still serves.

When her father, who was her strong pillar of support who taught her to survive and strive, passed away, the loss was something she still struggles to accept.

Around 2018-19, joining Talented Bankers rekindled the poet in Neethu. By participating in small "tasks" in our TB like writing single-line poems, the poetic world inside her came to life again. Winning the first prize in the "Moovari" competition boosted her confidence, and soon, her poems were being noticed in the bank's house magazine and elsewhere.

Joining Talented Bankers not only reignited her passion for poetry but also gave her the opportunity to explore the world of trolls, a field she had no experience with. Neethu learned how to create trolls through observation, listening and seeking help from others. Today, she stands out as one of the rare women contributing actively to the Bank Trolls group.

In 2024, participating in the poetry competition organized by Talented Bankers was another turning point. Neethu won the first prize in Malayalam poetry writing, which further inspired her to approach poetry with even greater seriousness.

Despite her studies being in English medium, Neethu's talent for writing poetry in her mother tongue, Malayalam, was highlighted by her first-place win in the poetry competition organized by Talented Bankers.

Neethu got married in 2012 to Vinod V. They are blessed with two children – Nivin Vinod, a ten-year-old, and Nila Vinod, just eight months old, who bring joy and poetry into their lives.

Through her occasional writings and the publication of poetry collections, Neethu Parvathy has become an inspiration for all bank employees who wish to pursue writing. We wish Neethu continued success in her literary journey and hope that her work continues to inspire others to explore their creative potential.